## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3068 | 22.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീധന നിരോധന നിയമം** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.കെ.എസ്.സലീഖ** | **ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് 1961-ലെ സ്ത്രീധന നിരോധന നിയമം നിലവിലുണ്ടെങ്കിലും സ്ത്രീധനം വാങ്ങലും കൊടുക്കലും വർദ്ധിച്ച് വരുന്നതിനാൽ കുടുംബകലഹം, വിവാഹമോചനം, സ്ത്രീധനപീഢന മരണം എന്നിവ വർദ്ധിച്ച് വരുന്നതായ ആക്ഷേപം സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലയളവിൽ ഇത്തരം എത്ര കേസ്സുകളും മരണവും സാമൂഹ്യനീതി വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബകലഹം, വിവാഹമോചനം, സ്ത്രീധന പീഡന മരണം എന്നിവ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീധന നിരോധന നിയമത്തിൻ കീഴിൽ 174 കേസുകൾ മേഖലാ സ്ത്രീധന നിരോധന ഓഫീസർമാർ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ മരണം സംഭവിച്ചത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത വിഷയത്തിൽ 1985-ലെ കേന്ദ്ര നിയമഭേദഗതി ഏതെല്ലാമെന്നും ആയത് സംസ്ഥാനത്ത് നടപ്പാക്കാനും സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും തടയുവാനും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; | (ബി) 1961 ലെ സ്ത്രീധന നിരോധന നിയമ പ്രകാരം സ്ത്രീധനം വാങ്ങുന്നതും, വാങ്ങാൻ പ്രേരിപ്പിക്കുന്നതും ശിക്ഷാർഹമായ കുറ്റകൃത്യമാണ്. എന്നാൽ വധുവിന് വിവാഹസമയത്ത് ആവശ്യപ്പെടാതെ നൽകുന്ന സമ്മാനങ്ങളും വരന് വിവാഹ സമയത്ത് ആവശ്യപ്പെടാതെ നൽകുന്ന സമ്മാനങ്ങളും അവ ഈ ആവശ്യത്തിലേയ്ക്കായി ഉണ്ടാക്കിയ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വ്യക്തമായി ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയാണെങ്കിൽ, കുറ്റകൃത്യമായി മാറുന്നില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. വധുവിന് വേണ്ടിയോ വധുവിന് വേണ്ടി മറ്റാരെങ്കിലും നൽകുന്ന ആചാരപരമായ സമ്മാനങ്ങളോ അവരുടെസാമ്പത്തിക ശേഷിയ്ക്ക് അതീതമായിരിക്കരുതെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന സമ്മാനങ്ങളുടെ പട്ടിക തയ്യാറാക്കി വധുവും വരനും ഒപ്പുവച്ച് പകർപ്പ് ഇരുവരും സൂക്ഷിക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും തടയുന്നതിനായി ബോധവൽക്കരണ സെമിനാറുകളും, സ്കൂൾ/ കോളേജ് തലങ്ങളിൽ ക്ലാസ്സുകളും നടത്തി വരുന്നു.<br>ചട്ടങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. |
| (സി) വധൂവരൻമാർക്ക് വിവാഹത്തിനു ലഭിക്കുന്ന സമ്മാനപ്പട്ടിക നിശ്ചിതഫോറത്തിൽ സാമൂഹ്യനീതി വകുപ്പിന് ലഭ്യമായതിനുശേഷം മാത്രം വിവാഹസർട്ടിഫിക്കറ്റ് നൽകുക എന്നത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡ പ്രകാരം ഈ സർക്കാർ എത്ര വിവാഹസർട്ടിഫിക്കറ്റ് വധൂവരൻമാർക്ക് നാളിതുവരെ നൽകി എന്ന് വ്യക്തമാക്കുമോ; | (സി) ഇല്ല. നിലവിൽ വിവാഹ സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നൽകിവരുന്നത്. |

| | |
|---|---|
| (ഡി) വിവാഹമോചന കേസ്സുകളിൽ ഏറ്റവും വലിയ തർക്കം നടക്കുന്നത് വിവാഹവേളയിൽ കൈമാറുന്ന സമ്മാനങ്ങളെക്കുറിച്ചായതിനാൽ വിവാഹസർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമ്മാനങ്ങളുടെ പട്ടിക നിർബന്ധമാണ് എന്നതിന് പ്രചരണ പരിപാടികൾ നടത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമുള്ള പ്രചരണ പരിപാടികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും സ്ത്രീധനം വാങ്ങുന്നതിനെ, വാങ്ങാൻ പ്രേരിപ്പിക്കുന്നതിനെ തടയുന്നതിനുമായി വ്യാപകമായ പ്രചരണ പരിപാടികളും ബോധവൽക്കരണവും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

ഉത്തരവിനൊ

# THE DOWRY PROHIBITION (MAINTENANCE OF LISTS OF PRESENTS TO THE BRIDE AND BRIDEGROOM) RULES, 1985]

G.S.R. 664 (E). In exercise of the powers conferred by Section 9 of the Dowry Prohibition Act, 1961 (28 of 1961), the Central Government hereby make the following rules, namely:

1. Short title and commencement. (1) These rules may be called the Dowry Prohibition (Maintenance of Lists of Presents to the Bride and Bridegroom) Rules, 1985.

(2) They shall come into force on the 2nd day of October, 1985 being the date appointed for the coming into force of the Dowry prohibition (Amendment) Act, 1984 (63 of 1984).

2. Rules in accordance with which lists of presents are to be maintained

(1) The list of presents which are given at the time of the marriage to the bride shall be maintained by the bride.

(2) The list of presents which are given at the time of the marriage to the bridegroom shall be maintained by the bridegroom.

(3) Every list of presents referred to in sub-rule (1) or sub-rule (2)

(a) shall be prepared at the time of the marriage or as soon as possible after the marriage;

(b) shall be in writing;

(c) shall contain:

(i) a brief description of each present;

(ii) the approximate value of the present;

(iii) the name of the person who has given the present; and

(iv) where the person giving the present is related to the bride or bridegroom, a description of such relationship; (d) shall be signed by both the bride and the bridegroom.

Explanation 1. Where the bride is unable to sign, she may affix her thumb impression in lieu of her signature after having the list read out to her and obtaining signature on the list of, the person who has so read out the particulars contained in the list.

Explanation 2. Where the bridegroom is unable to sign, he may affix his thumb impression in lieu of his signature after having the list read out to him and obtaining the signature on the list, of the person who has so read out the particulars contained in the list.

(4) The bride or the bridegroom may, if she or he so desires, obtained on either or both of the lists referred to in sub-rule (1) or sub-section (2) the signature or signatures of any relations of the bride or the bridegroom or of any other person or persons present at the time of the marriage.

****************

[signature] 2012

[signature]
ജൂനിയർ സൂപ്രണ്ട്